9366
22/4/17

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ്- ശ്രീ.കെ.ജി.രാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ സസ്പെഷൻ പിൻവലിച്ച് സർവ്വീസിൽ പുന:പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 152/2017/വനം തീയതി, തിരുവനന്തപുരം, 18.04.2017

പരാമർശം:- 1) ശ്രീമതി.വസന്തകുമാരി ബഹു.പുനലൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്ത എസ്.റ്റി.3750/2013-ാം നമ്പർ കേസിലെ 01.03.2017 ലെ വിധിന്യായം.

2) 24.03.2017 ലെ സ.ഉ.(സാധാ) നം.105/2017/വനം ഉത്തരവ്

3) ശ്രീ.കെ.ജി.രാജൻ, ബഹു.കൊല്ലം ജില്ലാ & സെഷൻസ് കോടതിയിൽ ഫയൽ ചെയ്ത ക്രിമിനൽ അപ്പീൽ 37/2017 ലെ 23.03.2017, 10.04.2017 എന്നീ തീയതികളിലെ വിധിന്യായം

4) ശ്രീ.കെ.ജി.രാജൻ, ഫയൽ ചെയ്ത O.A. (Ekm)No. 692/2017 കേസിലെ 29.03.2017 ലെ ഇടക്കാല ഉത്തരവ്

**<u>ഉത്തരവ്</u>**

ശ്രീമതി.വസന്തകുമാരി, ശ്രീ.കെ.ജി. രാജനെതിരെ ബഹു.പുനലൂർ ജുഡിഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ ഫയൽ ചെയ്ത എസ്.റ്റി. 3750/13-ാം നമ്പർ കേസിലെ പരാമർശം (1) പ്രകാരമുള്ള വിധിയനുസരിച്ച് ശ്രീ.കെ.ജി. രാജനെ പരാമർശം (2) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു കൊണ്ട് ഉത്തരവായി.

2) ശ്രീ.കെ.ജി രാജൻ ടി വിധിക്കെതിരെ കൊല്ലം ജില്ലാ & സെഷൻസ് കോടതിയിൽ ക്രിമിനൽ അപ്പീൽ 37/17 ഫയൽ ചെയ്യുകയുണ്ടായി. ടി അപ്പീലിൽ പരാമർശം (3) പ്രകാരമുള്ള 23.03.2017 ലെ ഉത്തരവ് അനുസരിച്ച് ടിയാന്റെ 'കൺവിക്ഷൻ' 10.04.2017 വരെ സ്റ്റേ ചെയ്യുകയും തുടർന്ന് കോടതിയുടെ 10.04.2017 ലെ ഉത്തരവ് പ്രകാരം ടി 'കൺവിക്ഷൻ' 30.04.2017 വരെ സ്റ്റേ ചെയ്ത് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

3) ശ്രീ.കെ.ജി രാജൻ, ടിയാന്റെ സസ്പെഷൻ ഉത്തരവിനെതിരെ ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA(EKM)692/17-ലെ പരാമർശം (4) പ്രകാരമുള്ള ഇടക്കാല ഉത്തരവിൽ പരാമർശം (2)ലെ തുടർ നടപടികൾ സ്റ്റേ ചെയ്ത സാഹചര്യവും നിലനിൽക്കുന്നു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (3), (4) പ്രകാരമുള്ള കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ശ്രീ.കെ.ജി രാജനെ അച്ചടക്ക നടപടിക്ക വിധേയമായി സസ്പെൻഷൻ പിൻവലിച്ച് ഉടനടി പ്രാബല്ല്യത്തിൽ സർവ്വീസിൽ പുന:പ്രവേശിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി.മാരപാണ്ഡ്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്)

ശ്രീ. കെ.ജി.രാജൻ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

വനം വന്യജീവി (എഫ്) വകുപ്പ്

വിവര സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ